# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T -327 | 24.06.2013-ൽ മറുപടിയ്ക്ക്

## സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

| | ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ വർഷത്തെ ബജറ്റിൽ പ്രസ്തുത കോർപ്പറേഷനുമായി ബന്ധപ്പെട്ട ഏതെല്ലാം ഘടകങ്ങൾക്ക് എന്തെല്ലാം സഹായം നൽകുവാൻ ഉദ്ദേശിക്കുന്നു: | (ബി) | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 3 കോടി രൂപയും, വിവിധ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും നടത്തുകയും ചെയ്യുന്നതിലേക്കായി 1 കോടി രൂപയും, സംസ്ഥാനത്തിലെ മുന്നാക്ക വിഭാഗങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള സംയോജിത സർവ്വേ നടത്തുന്നതിനായി 50 ലക്ഷം രൂപയും, ഓഹരി മൂലധന സഹായമായി 5 കോടിയും, പ്രവർത്തന ചിലവുകൾക്ക് 50 ലക്ഷം രൂപയുമടക്കം മൊത്തം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നിരക്കിലുള്ള ഫീസ് ഇളവ് നൽകുന്നതിലേക്കായി 5 കോടി രൂപയും, ടി വിഭാഗത്തിൽപ്പെട്ടവരുടെ മാനവ വിഭവശേഷി വർദ്ധനവിനും, തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിന് മൂന്ന് സംരംഭക പരിശീലന കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | വിവിധ മേഖലകളിൽ ആരംഭിക്കുന്നതിന് മൂന്ന് കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മുന്നോക്ക വിഭാഗത്തിൽപ്പെട്ടവർ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഇവർക്ക് എന്തെല്ലാം നിലയിലുള്ള സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ ; | (സി) | ഇല്ല ; സംസ്ഥാനത്തെ മുന്നാക്ക വിഭാഗങ്ങളുടെ ജീവിത നിലവാരം, വിദ്യാഭ്യാസ നിലവാരം, ആരോഗ്യ നിലവാരം, താമസ സൌകര്യം, സാമ്പത്തിക നിലവാരം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന് സംയോജിത സർവ്വേ നടത്തുന്നതിലേക്കായി നടപടികൾ സ്വീകരിച്ചു വരുന്നു.<br>മുന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് കോർപ്പറേഷൻ മുഖാന്തിരം നിലവിൽ സഹായങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. |
| (ഡി) | ഇതിനായി ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; ബോർഡ് ഡയറക്ടർമാർ ആരൊക്കെയാണ് ; കമ്പനിയുടെ അടച്ചു തീർത്ത ഓഹരി മൂലധനം എത്ര ; ഏറ്റവും ഒടുവിലത്തെ ബാലൻസ് ഷീറ്റ് ലഭ്യമാക്കാമോ ? | (ഡി) | ഉണ്ട്;<br>ശ്രീ. വി.പി. ജോയി ഐ.എ.എസ്, ശ്രീ. കെ.ആർ. ജ്യോതിലാൽ ഐ.എ.എസ്, ഡോ. വി.എം. ഗോപാലമേനോൻ ഐ.എ.എസ് എന്നിവർ നിലവിലെ ഡയറക്ടർമാരാണ്. ഡോ. കെ. അമ്പാടിയെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.<br>51 ലക്ഷം രൂപയാണ് കമ്പനിയുടെ അടച്ചു തീർത്ത ഓഹരി മൂലധനം.<br>കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ